# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 523

09.02.2016- ലെ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>,, എം.എ.വാഹിദ്<br>,, ലൂഡി ലൂയിസ്<br>,, ഷാഫി പറമ്പിൽ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ സുവർണ്ണ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ? | (എ) നടപ്പാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന പൊതു ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണകേരളം പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണവും നടത്തി വരുന്നുണ്ട്. |
| സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) കേരളത്തിലുടനീളം സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണസംഘങ്ങൾക്കും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഹാമുകളിൽ വികസിപ്പിച്ചെടുത്ത് വിതരണം ചെയ്യുക, ഗുണമേന്മയും അത്യുൽപാദന ശേഷിയുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ കൃഷിഫാം/നേഴ്സറികൾ വഴി വാങ്ങി സൗജന്യമായോ/ മിതമായ വിലക്കോ വ്യക്തികൾക്ക് വിതരണം ചെയ്യുക, |

സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും, സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകിവരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**